ND.C. 25/15 dt. 01.10.15

01.10.2015

# നെയ്യാറ്റിൻകര രൂപത
# മെത്രാസനമന്ദിരം നിർമ്മാണം

തെക്കെ ഇന്ത്യയിൽ സുവിശേഷപ്രഘോഷണം ത്വരിതപെടുത്താനായി 1996 ജൂൺ മാസം 14–ാം തിയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സ്ഥാപിച്ചതാണ് നെയ്യാറ്റിൻകര ലത്തീൻ രൂപത. കർത്താവായ യേശു പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളും പഠിപ്പിക്കാനും പ്രവർത്തിക്കാനുമാണ് തിരുസഭയുടെ (ഓരോ രൂപതകളുടെയും) ദൗത്യവും ലക്ഷ്യവും. അതിനാൽ പ്രസ്തുത ദൗത്യം നാം വളരെ തീക്ഷണതയോടെ നിറവേറ്റേണ്ടിയിരിക്കുന്നു.

നെയ്യാറ്റിൻകര രൂപതയിലെ ശുശ്രൂഷാപ്രവർത്തനങ്ങൾ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെ (ബി.സി.സി.) കാര്യക്ഷമമായും ഫലപ്രദമായും നാം നടത്തുന്നു. അതിന് പങ്കാളിത്ത ശുശ്രൂഷാസംവിധാനമാണ് നമ്മുടെ രൂപതയിലുള്ളത്. ഈ ശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് വൈദീകരുടെ ക്രിയാത്മക നേതൃത്വവും അൽമായരുടെ പൂർണമായ സഹകരണവും അത്യാവശ്യമാണ്.

നമ്മുടെ രൂപത സ്ഥാപിച്ചിട്ട് ഒരുവർഷമായപ്പോൾ 1997–ൽ രൂപതാ സെമിനാരിയും തൊട്ടുപിന്നാലെ 2001–ൽ താൽകാലിക മെത്രാസനമന്ദിരവും 2003–ൽ ലോഗോസ് പാസ്റ്ററൽ സെൻററും സ്ഥാപിച്ചു. അതോടൊപ്പം നെടുമങ്ങാടു മേഖലക്കു വേണ്ടി അവിടെ ഒരു ആനിമേഷൻ സെൻററിൻെറ നിർമാണവും 2006 മുതൽ നടക്കുന്നു. അടുത്ത ഘട്ടമായിട്ടാണ് 2007–ൽ നെയ്യാറ്റിൻകര പത്താംകല്ലിൽ മെത്രാസന മന്ദിരത്തിൻെറ നിർമാണം ആരംഭിച്ചത്. ഇതിൻെറ ആദ്ധ്യഘട്ടം (ഒന്നാം നില) 2008–ൽ പൂർത്തിയായി. മേൽപറഞ്ഞ എല്ലാ നിർമാണ പ്രവർത്തനങ്ങളും നടത്തിയത് വിദേശ സഹായം കൊണ്ടാണ്. യൂറോപ്പിലെ വിശ്വാസ ജീവിതം മന്ദീഭവിച്ചതും സാമ്പത്തിക മാന്ദ്യവും കാരണം ഇനി വിദേശ സഹായമൊന്നും ലഭിക്കുകയില്ല എന്ന സാഹചര്യമാണുള്ളത്.

മെത്രാസന മന്ദിരനിർമാണത്തിൻെറ ഇതുവരെയുള്ള നിർമാണ പ്രവർത്തനത്തിന് രണ്ടരക്കോടിയിലധികം രൂപ ചിലവായി. ഇത്രയും തുക വിദേശ സഹായമായി ലഭിച്ചതാണ്. ഇനിയുള്ള പണികൾക്കായി വിദേശ സഹായം കിട്ടാത്ത സാഹചര്യത്തിൽ രണ്ടാം ഘട്ടം പൂർത്തിയാക്കാനുള്ള തുക, ഒന്നരക്കോടി രൂപ, രൂപതാംഗങ്ങളിൽ നിന്നു ശേഖരിക്കണമെന്നതാണു സത്യം.

മേൽപറഞ്ഞ രണ്ടാം ഘട്ടനിർമാണത്തിനാവശ്യമായ തുക, ഒന്നരകോടി രൂപ ശേഖരിക്കുന്നതിനു വേണ്ടി രൂപതാ ധനകാര്യസമിതിയുടെ മേൽനോട്ടത്തിൽ ഒരു സമിതിക്കു രൂപം കൊടുത്തിട്ടുണ്ട്. രൂപതാ വികാരി ജനറൽ, രൂപതാ ചാൻസിലർ, രൂപതയിലെ ഫൊറോനാ വികാരിമാർ എന്നിവരാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ. ഈ പദ്ധതിയുടെ വിജയത്തിനായി രൂപതയിലെ എല്ലാ വൈദീകരുടെയും അൽമായരുടെയും സഹകരണവും പ്രവർത്തനവും അത്യാവശ്യമാണ്.

മേൽപറഞ്ഞ സമിതിയുടെയും രൂപതാ ധനകാര്യസമിതിയുടെയും അഭിപ്രായമനുസരിച്ച് രൂപതയിലെ ഓരോ കുടുംബവും ഒരു ദിവസത്തെ ശമ്പളം/വേതനം/വരുമാനം മെത്രാസനമന്ദിരനിർമാണത്തിനുവേണ്ടി സംഭാവന നൽകണമെന്നാതാണു നിർദേശം. 500 രൂപ മുതൽ മുകളിലോട്ട് 750, 1000, 1500, 2000 രൂപ എന്ന ക്രമത്തിലാണ് ഓരോകുടുംബത്തിൻെറയും ഒരു ദിവസത്തെ ശമ്പളം/ വേതനം/ വരുമാനം ആയി കണക്കാക്കപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ എല്ലാ കുടുംബങ്ങളും ചേർത്തു കൂട്ടുമ്പോൾ ശരാശരി 700 രൂപാ വരുമെന്നാണ്. അതായത്, 100 കുടുംബങ്ങൾ ഉള്ള ഒരു ഇടവക 70,000 രൂപ പ്രസ്തുത പദ്ധതിക്കയി സംഭാവന നൽകണം എന്നതാണ് തത്വം. ഇത്രയും തുക അടുത്ത 5 മാസംകൊണ്ട്, അതായത് 2015 ഒക്ടോബർ മുതൽ 2016 മാർച്ച് വരെയുള്ള 5 മാസം കൊണ്ട് പിരിച്ചെടുക്കണമെന്നതാണു പൊതു നിർദ്ദേശവും എൻെറ ആഗ്രഹവും.

നെയ്യാറ്റിൻകര രൂപത സ്ഥാപിതമായതിൻെറ 20-ാം വാർഷിക (14.06.2016) ദിനത്തിൽ പുതിയ മെത്രാസനമന്ദിരം ഉദ്ഘാടനം ചെയ്യണമെന്നണ് എൻെറ തീവ്രമായ ആഗ്രഹം. നിങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുകയും ത്യാഗപൂർവം പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ ഇതു സാധിക്കുകയുള്ളു. ഈ പദ്ധതിയുടെ വിജയത്തിനായി നിങ്ങൾ ധാരാളം പ്രാർത്ഥിക്കുകയും ചെയ്യണം. കാരുണ്യവാനും കൃപാലുവുമായ ദൈവം ഈ പദ്ധതി വിജയിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു.

നെയ്യാറ്റിൻകര രൂപതയിലെ കുടുംബങ്ങളുടെ എണ്ണം 2014-ൽ എടുത്ത പങ്കാളിത്ത സർവേയിലെകണക്കനുസരിച്ചാണ്.ഇടവകയിൽ കുടുംബങ്ങളുടെ എണ്ണം അനുസരിച്ചിട്ടുള്ള തുകയാണ് കൊടുത്തിരിക്കുന്നത്. കുടുംബങ്ങളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ അതു പരിഗണിക്കാവുന്നതാണ്. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപത മെത്രാൻ